<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098**</u> <u>**24-02-2022 - ൽ മറുപടിയ്ക്ക്**</u>

<u>**മെയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിക്കുള്ള ഫണ്ട്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ മെയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയ്ക്ക് അനുവദിച്ച 2 കോടി രൂപയുടെ ഫണ്ട് അനുവദിക്കുന്ന പ്രൊപ്പോസൽ സംബന്ധിച്ച ഫയലിൽ ഇതുവരെ സ്വീകരിച്ചുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ റീ സർവ്വേ 44/3 എ3 എ1 എ2-ൽപ്പെട്ട 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് കിടക്കുന്നതും അതേ സർവ്വേ നമ്പരിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം കൂടി ഏറ്റെടുക്കുന്നതിനായി 50,00,000/- രൂപ അനുവദിക്കണമെന്നും ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 50,00,000/-രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് 12.08.2021-ലെ സ. ഉ. (സാധാ) 296/2021/സാം.കാ.വ നമ്പർ പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സ്മാരക നിർമാണത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ അനുവദിച്ച നല്കുന്നതിലേക്കായി ചൊക്ലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് കത്ത് നൽകിയിരുന്നു. അത് പ്രകാരം സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും അടിയന്തിരമായി ലഭ്യമാക്കാൻ ചൊക്ലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പദ്ധ്യക്ഷൻ നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയ്ക്കായി അനുവദിച്ച 50ലക്ഷത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മെയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയ്ക്ക് അനുവദിച്ച ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ റീ സർവ്വേ 44/3 എ3 എ1 എ2-ൽപ്പെട്ട 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് |

| | | | |
|---|---|---|---|
| | | | കിടക്കുന്നതും അതേ സർവ്വേ നമ്പരിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലം കൂടി ഏറ്റെടുക്കുന്നതിനായി 50,00,000/- രൂപ അനുവദിക്കണമെന്നും ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 50,00,000/-രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് 12.08.2021-ലെ സ. ഉ. (സാധാ) 296/2021/സാം.കാ.വ നമ്പർ പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സ്മാരക നിർമാണത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ അനുവദിച്ചു നല്കുന്നതിലേക്കായി ചൊക്ലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് കത്ത് നൽകിയിരുന്നു. അത് പ്രകാരം സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും അടിയന്തിരമായി ലഭ്യമാക്കാൻ ചൊക്ലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പദ്ധ്യക്ഷൻ നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയ്ക്കായി അനുവദിച്ച 50ലക്ഷത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ